# ജി എച്ച് എസ് എസ് കുത്തുപറമ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഹെൽത്ത് & ഫിസിക്കൽ എഡ്യുക്കേഷൻ

ആമുഖം - സ്കൂൾ കരിക്കുലത്തിന്റെ ഒരു പ്രധാന ഭാഗമാണ് കായിക വിദ്യാഭ്യാസം. ഓരോ വിദ്യാർത്ഥിയും ഒരു നിശ്ചിത സമയം കായിക വിദ്യാഭ്യാസത്തിന് മാറ്റി വെക്കേണ്ടതാണ്. വിവിധ തരം കളികൾ പരിചയപ്പെടുന്നതിലൂടെ / കളിക്കുന്നതിലൂടെ കുട്ടികളുടെ ശാരീരിക മാനസിക വികാസം സാധ്യമാകുന്നതിനൊപ്പം സാമൂഹിക സുസ്ഥിതി കൈവരിക്കുകയും ചെയ്യുന്നു. കായിക വിദ്യാഭ്യാസം ചെയ്യുന്നതിലൂടെ പോഷകാഹാരത്തിന്റെ ആവശ്യകത കൂടി കുട്ടി തിരിച്ചറിയുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|---|
| 1 | കളികളിൽ പങ്കെടുക്കുന്നതിലൂടെ കായിക ക്ഷമത കൈവരിക്കുന്നു. | വിവിധ തരം കളികളിൽ പങ്കെടുക്കുന്നു. Standing kho, Foot Ball, Ball passing,Ring, Throw ball ഇത്തരത്തിലുള്ള കളികളിലൂടെ കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുന്നു. | ജൂൺ മുതൽ ജൂലൈ വരെ | കായിക അധ്യാപകർ | 8, 9, 10 |

| | | | | | |
|---|---|---|---|---|---|
| 2 | Long Term / Short Term physical fitness തിരിച്ചറിയുന്നു | നിത്യജീവിതത്തിൽ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി Long Term physical fitness ആവശ്യമായ വ്യായാമ മുറകൾ ചെയ്യുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപകർ | 8, 9, 10 |
| 3 | Short Term physical fitness ലൂടെ വിവിധ വേദികളിൽ പങ്കെടുക്കുന്നു | വിവിധ മേഖലകൾ സബ് ജില്ലാ, ജില്ലാ, സംസ്ഥാന തലത്തിൽ മത്സരിക്കുന്നതിനായി കുട്ടികളെ സജ്ജമാക്കുന്നു. അതിനായി അത് ലറ്റിക്സ്, ഗെയിംസ് ഇനങ്ങൾ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കണം | ജൂലൈ മുതൽ ഒക്ടോബർ വരെ | കായിക അധ്യാപകർ | 8, 9, 10 |
| 4 | മാനസിക ഉല്ലാസത്തിനായി വിവിധ തരം minor game പരിശീലിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട മാനസിക ആരോഗ്യം കൈവരിക്കുന്നു | പാഠഭാഗത്തിലൂടെയും മറ്റ് മൈനർ ഗെയിമുകളിലൂടെയും - Ball passing relay, class room activity zoomba പരിശീലിപ്പിക്കുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപകർ | 8, 9, 10 |

| | | | | | |
|---|---|---|---|---|---|
| 5 | പോഷകാഹാര ഘടകങ്ങൾ തിരിച്ചറിഞ്ഞ് നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്നു | മെച്ചപ്പെട്ട ആരോഗ്യ സുസ്ഥിതിക്ക് കായിക പരിശീലനത്തിനൊപ്പം ഒഴിച്ച് കൂടാനാകാത്ത ഘടകമാണ് പോഷകാഹാരം. പോഷകാഹാരം തിരിച്ചറിയുന്നു. | ജൂലൈ | കായിക അധ്യാപകർ | 8, 9, 10 |

# G H S S KUTHUPARAMBA

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# G H S S KUTHUPARAMBA

മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ – സ്റ്റാൻഡേർഡ്: 3 (2025–26)

Team EduShare

ഉദ്ദേശ്യം:

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ:

✿ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ

✿എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

✿ Pre-test

✿നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

Activities

✿ഭാഷാ ഗെയിമുകൾ, ✿ആക്ഷൻ സോംഗ്സ്

✿ഭാവാത്മക വായന

✿കഥപറയൽ

✿അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

✿ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി:

✽ചിത്രവായന

✽കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

✽അനുഭവ വിവരണം

✽ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

✽ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം:

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായനശേഷി:

✽കഥാപുസ്തകങ്ങൾ വായിക്കുക

✽വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

✽പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ

എഴുത്ത്

✽വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക

✽ചിത്ര വിവരണം

✽വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

✿ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്

✿വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക

ഒക്ടോബർ & നവംബർ

ലക്ഷ്യം:

ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി:

✿ലൈബ്രറി പുസ്തകങ്ങൾ വായിക്കുക

✿കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

| ജി എച്ച് എസ് എസ് കുത്തുപറമ്പ് | | | | | |
|---|---|---|---|---|---|
| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26** | | | | | |
| **ഗണിതം - ഹൈസ്കൂൾ വിഭാഗം** | | | | | |
| എല്ലാ കുട്ടികൾക്കും ഗണിതം കൂടുതൽ ആസ്വാദകരവും മധുരവും പ്രത്യേക പരിഗണന അർഹിക്കുന്നവരെ മറ്റുള്ളവരോടൊപ്പം എത്തിക്കാനും വിവിധ പ്രവർത്തനം : - | | | | | |
| **ക്രമ നമ്പർ** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1 | പ്രത്യേക പരിഗണന അർഹിക്കുന്നവരെയും പഠന പിന്നോക്കം നിൽക്കുന്ന മറ്റ് വിദ്യാർത്ഥികളെയും മുൻനിരയിൽ എത്തിക്കുക | ഐ സി ടി ഉപയോഗിച്ച് സംഖ്യകളുടെ സ്ഥാന വില, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുക. ഗണിത കളികളിലൂടെ ആശയം ഉറപ്പിക്കുക. മോഡലുകൾ ഉപയോഗിച്ച് ഗണിത ആശയം ഉറപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | 5000 |

| | | | | | |
|---|---|---|---|---|---|
| 2 | ഗണിത പഠനം ലളിതവും രസകരവും ആക്കുക | പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി അവതരിപ്പിക്കുക. ഭാരതീയ ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തി അവരുടെ കണ്ടുപിടുത്തങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നൽകുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| 3 | ഗണിത പഠനം എളുപ്പമാക്കുക | ഗണിത ലാബ് ഒരുക്കുക. ഗണിത ശാസ്ത്രജ്ഞൻമാരുടെ ഫോട്ടോ, കണ്ടുപിടുത്തങ്ങൾ ഇവ പ്രദർശിപ്പിക്കുക, ഗണിത പസിൽ, ഗണിത പുസ്തകങ്ങൾ ഇവ ഒരുക്കുക. | ജൂലൈ മുതൽ ഓഗസ്റ്റ് വരെ | ഗണിത അധ്യാപകർ | |
| 4 | പ്രശ്നാപഗ്രഥന ശേഷി വളർത്തുക | ഗണിത ചിന്താ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രായോഗിക പ്രശ്നങ്ങളെ ലഭ്യമായ അറിവ് ഉപയോഗിച്ച് പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ നൽകുക. ഗണിക ക്വിസ്, ഗണിത ചോദ്യോത്തരപ്പെട്ടി, ഗണിത പസിൽ, ഗെയിം എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിത ക്ലബ്ബ് | |
| 5 | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | ജ്യോമെട്രിക്ക് ചാർട്ട് നിർമ്മാണ മത്സരവും പ്രദർശനവും സംഘടിപ്പിക്കുന്നു. | ജൂലൈ | ഗണിത ക്ലബ്ബ് | 250 |

| | | | | | |
|---|---|---|---|---|---|
| 6 | ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിത പഠനം സഹായകമാകുമെന്ന തിരിച്ചറിവിന് | ചതുഷ്ക്രിയകൾ ഉറപ്പിക്കുക. മനക്കണക്കിന് പ്രാധാന്യം നൽകുക. സംഖ്യാബോധം ഉളവാക്കുക എന്നിവയ്ക്കുള്ള പ്രവർത്തനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിത അധ്യാപകർ | |
| 7 | ഗണിത ആശയങ്ങൾ ഉറപ്പിക്കുക | ജിയോജിബ്ര ഉപയോഗിച്ച് ഗണിത ആശയം കുട്ടികളിൽ എത്തിക്കുക. ഗണിത സഹവാസ കേമ്പ് നടത്തുക, ശിൽപശാല നടത്തുക, വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ഗണിത അധ്യാപകർ | |
| 8 | ഗണിതത്തോടുള്ള താൽപര്യം വളർത്തുക | മോട്ടിവേഷൻ ക്ലാസ്സ്, ഗണിത പ്രൊജക്ട് അവതരം,ഗണിത മാഗസിൻ | നവംബർ മുതൽ ഡിസംബർ വരെ | ഗണിത ക്ലബ്ബ് | |
| 9 | നിരന്തര മൂല്യ നിർണ്ണയം | യൂണിറ്റ് ടെസ്റ്റ്, വർക്ക് ഷീറ്റ് | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| 10 | പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | ഗണിത രൂപ നിർമ്മാണം, ജ്യാമിതീയ രൂപ നിർമ്മാണം, ഉത്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | ഗണിത അധ്യാപകർ | |

## ജി എച്ച് എസ് എസ് കൂത്തുപറമ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഇൻഫർമേഷൻ ടെക്നോളജി - ഹൈസ്കൂൾ വിഭാഗം

എല്ലാ കുട്ടികൾക്കും ഐടി പഠനം കൂടുതൽ ആസ്വാദകരവും മധുരമുള്ളതും ആക്കി പ്രത്യേക പരിഗണന അർഹിക്കുന്നവരെ മറ്റുള്ളവരോടൊപ്പം എത്തിക്കാനും വിവിധ പ്രവർത്തനങ്ങൾ : -

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|---|
| 1 | സമഗ്രമായ ഐടി പഠനം സാധ്യമാക്കുക . | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് ഉപരിയായി ഐടി അടിസ്ഥാന കാര്യങ്ങൾ പഠിപ്പിക്കുക. കമ്പ്യൂട്ടർ പരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. ചെയ്ത പ്രവർത്തനങ്ങൾ കൃത്യമായി സേവ് ചെയ്യാൻ പഠിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ഐടി അധ്യാപക ൻ | |
| 2 | up to date ആയിരിക്കുക | ഇന്റർനെറ്റ് സഹായത്തോടെ ഏറ്റവും പുതിയ കാര്യങ്ങൾ അധ്യാപകന്റെ മേൽനോട്ടത്തിൽ പഠിക്കുക. ശരിയായ ഇന്റർനെറ്റ് ഉപയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ഐടി അധ്യാപക ൻ | |
| 3 | I T ഉപകരണങ്ങളുടെ കൃത്യമായ ഉപയോഗം | ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടെ ക്ലാസ് റൂം പ്രൊജക്ടറുകൾ ലാപ്ടോപ്പ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തുക. അവയുടെ കൃത്യമായ പരിപാലനം ഉറപ്പുവരുത്തുക. | അക്കാദമിക വർഷം മുഴുവൻ | ഐടി അധ്യാപക ൻ | |
| 4 | സാങ്കേതിക വിദ്യകൾ പരിചയപ്പെടൽ, | ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടെ ഈ മേഖലയിലെ പുതിയ മാറ്റങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക. ദൃശ്യ ശ്രാവ്യ സങ്കേതങ്ങൾ പരമാവധി ഉപയോഗിച്ച് പഠനം ആകർഷകമാക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഐ ടി അധ്യാപക ൻ | |

## ജി എച്ച് എസ് എസ് കൂത്തുപറമ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## കലാപഠനം - ഹൈസ്കൂൾ വിഭാഗം

എല്ലാ കുട്ടികൾക്കും കലാപഠനം കൂടുതൽ ആസ്വാദകരവും മധുരവും പ്രത്യേക പരിഗണന അർഹിക്കുന്നവരെ മറ്റുള്ളവരോടൊപ്പം എത്തിക്കാനും വിവിധ പ്രവർത്തനം : -

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ കലാബോധം ഉള്ളവരും, മാനവിക ബോധം ഉള്ളവരും, സമഗ്രമായി കാര്യങ്ങൾ വിലയിരുത്താൻ കഴിവുള്ളവരും ആക്കുന്നു. | കലാ ചരിത്രം പഠിപ്പിക്കുക, ആർട്ട് ഗ്യാലറികൾ സന്ദർശിക്കുക, ഔട്ട് ഡോർ ചിത്രീകരണ പരിശീലനത്തിന് പ്രാധാന്യം നൽകുക. | ജൂൺ മുതൽ മാർച്ച് വരെ | കലാ അധ്യാപക ൻ | 500 |
| 2 | വിവിധ കലാമേഖലകൾ പരിചയപ്പെടുക | കലാ പുസ്തകങ്ങളിലൂടെയും ഡിജിറ്റൽ സാങ്കേതികത ഉപയോഗിച്ച് ഓഡിയോ വീഡിയോകൾ കണ്ടു പരിചയപ്പെടൽ. ചിത്രരചന, നാടകം, സിനിമ, നൃത്തം, സംഗീതം തുടങ്ങി 5 മേഖലകൾ പരിചയപ്പെടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കലാ അധ്യാപക ൻ | |
| 3 | അനുഭവ പാഠം പ്രയോജനപ്പെടുത്തൽ | പ്രമുഖ കലാകാരന്മാരും കലാപ്രവർത്തകരുമായുള്ള സംവാദം, അവരുടെ അനുഭവങ്ങൾ പങ്കിടൽ, വിവിധ ശൈലികൾ പരിചയപ്പെടൽ, അവയുടെ പ്രായോഗിക പരിശീലനം . | അക്കാദമിക വർഷം മുഴുവൻ സമയമനുസരി ച്ച് | കലാ അധ്യാപക ൻ | 500 |
| 4 | ഉൾച്ചേർന്ന പഠനം, മുഴുവൻ കുട്ടികളുടെയും മാനസിക വികാസം, | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടി ആസ്വാദ്യകരമായ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, അവർക്ക് പ്രത്യേക പരിഗണന നൽകി ആത്മവിശ്വാസം വളർത്തുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | കലാ വിഭാഗം അധ്യാപക ൻ | |
| 5 | സാമൂഹ്യജീവി എന്ന ബോധം വിദ്യാർത്ഥികളിൽ ഉണർത്തൽ, ദിനാചരണങ്ങളിലൂടെയും മറ്റും പൊതുസമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കൽ . | ദിനാചരണങ്ങളിൽ കുട്ടികളുടെ മുഴുവൻ പങ്കാളിത്തം ഉറപ്പുവരുത്തൽ, സ്കൂളിലും പുറത്തും രചനകളുടെ പ്രദർശനം, ആവിഷ്കാരം ആസ്വാദനത്തിന് വേണ്ടി മാത്രമല്ല അവബോധത്തിനു വേണ്ടിയും കൂടിയാണെന്ന് ബോധ്യപ്പെടുത്തൽ | അക്കാദമിക വർഷം മുഴുവൻ | ആർട്സ് ക്ലബ്ബ് | രക്ഷിതാക്കളുടെ യും വിദ്യാർത്ഥികളു ടെയും സഹായത്തോടെ |